**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1038** **18-09-2025 - ൽ മറുപടിയ്ക്ക്**

**മലയോര മേഖലകളിലെ വന്യമൃഗ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മനുഷ്യ - വന്യജീവി - സംഘർഷങ്ങൾ ലഘൂകരിക്കുവാൻ കിഫ്ബി വഴി വനം - വന്യജീവി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി KIIFB ഫണ്ട് ഉപയോഗപ്പെടുത്തി സംസ്ഥാന വന വികസന ഏജൻസി (SFDA), മുഖേന പാലക്കാട്, മണ്ണാർക്കാട്, സൈലന്റ് വാലി നാഷണൽ പാർക്ക്, പുനലൂർ, തിരുവനന്തപുരം എന്നീ വനം ഡിവിഷനുകളിലായി 94.22 കിലോമീറ്റർ നീളത്തിൽ സോളാർ വേലി, വയനാട് വന്യജീവി ഡിവിഷന് കീഴിൽ 10 കിലോമീറ്റർ നീളത്തിൽ റെയിൽ ഫെൻസിംഗ്, പാലക്കാട്, വയനാട് വന്യജീവി എന്നീ വനം ഡിവിഷനുകളിലായി 0.71 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ മതിൽ, നോർത്ത് വയനാട് ഡിവിഷനിൽ 4.68 കിലോമീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സൗത്ത് വയനാട് ഡിവിഷനിൽ 11.23 കിലോമീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് പ്രവർത്തി ലക്ഷ്യമിട്ടിട്ടുള്ളതിൽ ആറ് കിലോമീറ്റർ പൂർത്തീകരിച്ചിട്ടുള്ളതാണ്. നോർത്ത് വയനാട് വനം ഡിവിഷനിൽ 1.32 കി.മീ., സൗത്ത് വയനാട് വനം ഡിവിഷനിൽ 49.12 കി.മീ., വയനാട് വന്യജീവി ഡിവിഷനിൽ 68.40 കി.മീ., നിലമ്പൂർ സൗത്ത് ഡിവിഷനിൽ 23.25 കി.മീ. എന്നിങ്ങനെ ആകെ 142 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ തൂക്കുവേലി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർ-ത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ മനുഷ്യ-വാസ മേഖലകളിൽ നിന്നും സ്വയംസന്നദ്ധമായി ആദിവാസി ഇതര വിഭാഗത്തിൽ വരുന്നവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി ആർ.കെ.ഡി.പി., |

| | | | |
|---|---|---|---|
| | | | കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായ-ത്തോടെ 'നവകിരണം' എന്ന പേരിൽ സർക്കാർ നടപ്പിലാക്കി വരുന്നു. കിഫ്ബിപദ്ധതി പ്രകാരം 398 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 398 അർഹതകുടുംബ-ങ്ങളിൽ, 173 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 225 അർഹതപ്പെട്ട കുടുംബ-ങ്ങൾക്ക് ആദ്യ ഗഡുവായ 7.50 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. ഈ പദ്ധതിയിലൂടെ KIIFB Phase I & II പദ്ധതി മുഖേന 42.825 കോടിരൂപ നൽകിയിട്ടുള്ളതാണ്.<br>കൂടാതെ KIIFB ഫണ്ട് ഉപയോഗിച്ച് ദ്രുത കർമ്മ സേനകളുടെ (RRT) ശാക്തീകരണത്തിനായി 25 വാഹനങ്ങൾ, 50 തോക്കുകൾ (12 ബോർ പമ്പ് ആക്ഷൻ), 15 ട്രാൻക്വിലൈസറുകൾ, 5000 തിരകൾ, 25 വീതം നൈറ്റ് വിഷൻ ക്യാമറകൾ, ബൈനോക്കുലറുകൾ, ടോർച്ച് ലൈറ്റുകൾ, ബോഡി പ്രൊട്ടക്റ്റീവ് ഗിയറുകൾ, ബ്രഷ് കട്ടറുകൾ, മൊബൈൽ സ്പീക്കറുകൾ, പവർ സാ, വലിയ മൃഗങ്ങളെ പിടികൂട്-ന്നതിനായി ആധുനിക സംവിധാനത്തോട് കൂടിയ കൂടുകൾ, വന്യമൃഗങ്ങളുടെ സഞ്ചാരം നിരീക്ഷിക്കുന്നതി-നായി 12 വാച്ച് ടവറുകൾ, 10 തെർമ്മൽ ഡ്രോണുകൾ, 43 സ്റ്റാൻഡേർഡ് ഡ്രോണുകൾ, 1000 ക്യാമറാ ട്രാപ്പുകൾ, AI സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള 267 മുന്നറിയിപ്പ് സംവിധാ-നങ്ങൾ, 20 വീതം റേഡിയോ കോളറുകളും, മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന ജനവാസ മേഖലകളിൽ ആയിരത്തിലധികം സോളാർ വിളക്കുകൾ, സോളാർ ഹൈമാസ്റ്റ് വിളക്കു-കൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും, ആന പുനരധി-വാസ കേന്ദ്രങ്ങൾ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ അനിമൽ ഹോസ്പൈസ് സെന്റർ, വനത്തിനുള്ളിൽ വന്യമൃഗങ്ങൾക്ക് ജല ലഭ്യത ഉറപ്പാ-ക്കുന്നതിനായി 45 ചെക്ക് ഡാമുകൾ എന്നീ പ്രവർത്തി-കൾ പൂർത്തീകരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | വയനാട് വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് ആരംഭിച്ച റെയിൽ ഫെൻസിങ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വയനാട് വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് ആരംഭിച്ച റെയിൽ ഫെൻസിങ് പദ്ധതി കുറിച്ച്യാട് റെയിഞ്ചിലെ കുപ്പാടി ഫോറസ്റ്റ് സ്റ്റേഷനിലെ സത്രംകുന്ന് മുതൽ മൂടക്കൊല്ലി വരെ 10 കി.മീ റെയിൽ ഫെൻസിംഗ് 13.75 കോടി രൂപ ചെലവഴിച്ച് 31/06/2021-ന് പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മലയോര മേഖലകളിൽ വന്യമൃഗങ്ങൾ മൂലം ജീവനും സ്വത്തിനും നാശമുണ്ടാകുന്നതും ക്രമസമാധാന വിഷയമായി മാറുന്നതും ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ വളരെ ഗൗരവത്തോ-ടെയാണ് സർക്കാരും വനം വകുപ്പും സമീപിക്കുന്നത്. മനുഷ്യ-വന്യജീവി സംഘർഷത്തെ സർക്കാർ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചു-കൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചു പോരുന്നത്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി ഇതുവരെ സ്വീകരിച്ചു പോന്നിരുന്ന പരമ്പരാഗത രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ അവയെ വിഷയാധിഷ്ഠിതമായി തരംതിരിച്ച് പത്ത് തീവ്രയജ്ഞ പരിപാടികൾക്ക് സർക്കാർ രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ പൊതുജനങ്ങളുടെ പങ്കാളിത്ത-ത്തോടേയും സഹകരണത്തോടേയും വിവിധ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി സെപ്റ്റംബർ 16 മുതൽ 45 ദിവസത്തെ ജനകീയ പരിപാടിയ്ക്കും സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാർ രൂപകല്പന ചെയ്ത് നടപ്പിലാക്കി വരുന്ന തീവ്രയജ്ഞ പരിപാടികളും അവയുടെ ലക്ഷ്യവും സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.<br><br>1) വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനായി മിഷൻ ഫുഡ്, ഫോഡർ, വാട്ടർ;<br><br>2) പരമ്പരാഗത അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠന-ങ്ങൾക്കും പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചാരണത്തിനുമായി കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗോത്രഭേരി അഥവാ Mission Tribal Knowledge എന്ന തീവ്രയജ്ഞ പദ്ധതി;<br><br>3) വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികളുടെ അവസ്ഥ വിലയിരുത്തി ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിംഗ്;<br><br>4) മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരു-ന്നതിന് മുമ്പു തന്നെ ചിട്ടയായ സംഘർഷ ലഘൂക-രണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരാ-യവരെ ഉൾപ്പെടുത്തി Primary Response Team (PRT) കൾ രൂപികരിക്കുക;<br><br>5) മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടി- |

| | | | |
|---|---|---|---|
| | | | കളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കാനായി മിഷൻ Real Time Monitoring;<br><br>6) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനത്തിന് വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും അവബോധരാക്കുന്നതിനു വേണ്ടി മിഷൻ സെൻസിറ്റൈസേഷൻ ടു പബ്ലിക്;<br><br>7) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാവ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും, പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികൾക്കുമായി Mission Science on Human Wildlife Conflict;<br><br>8) നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പഠനറിപ്പോർട്ട് തയാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുന്നതിനായി Mission Bonnet Macaque;<br>9) ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ് പഞ്ചായത്തുകൾക്ക് നൽകുന്നതിലേക്കായി Mission Wild Pig;<br><br>10) പാമ്പുമൂലമുള്ള മരണം ഒഴിവാക്കാൻ ലക്ഷ്യമിടുന്ന മിഷൻ സർപ്പ. |

സെക്ഷൻ ഓഫീസർ